മുനിസിപ്പാലിറ്റി ജീവനക്കാർക്ക് ടൈംസ്കെയിൽ.

* 1022. [55] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റി ജീവനക്കാർക്ക് ടൈംസ്കെയിൽ അനുവദിച്ചുകൊണ്ട് ഉത്തരവ് എന്നു് പാസ്സാക്കിയെന്നു് പറയുമോ;

(ബി) സ്കാവഞ്ചേഴ്സ്, സ്വീപ്പേഴ്സ് തുടങ്ങിയ ജീവനക്കാർക്ക് ഈ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ലേ, ഇല്ലെങ്കിൽ കാരണമെന്തു്;

(സി) പഞ്ചായത്തുകൾക്കും ഈ ആനുകൂല്യം നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 21-10-1955-ൽ.

(ബി) ഇല്ല. സ്വീപ്പേഴ്സ്, സ്കാവഞ്ചേഴ്സ് തുടങ്ങിയവർ കണ്ടിജൻസി ജീവനക്കാരായതിനാൽ.

(സി) പഞ്ചായത്തു ജീവനക്കാർക്ക് ടൈംസ്കെയിൽ അനുവദിക്കുന്ന കാര്യം പഞ്ചായത്തുകളുടെ പൊതുവേയുള്ള ധനസ്ഥിതി അഭിവൃദ്ധിപ്പെടുമ്പോൾ മാത്രമേ പരിഗണിക്കുവാൻ കഴിയൂ.

Municipalities

* 1023. [56] SHRI M. WILLIAM: Will the Minister for Local Self Government be pleased to state:

(*a*) are there three grades of Municipalities; and

(*b*) is it a fact that the report of the Pay Commission if implemented with regard to the Municipalities irrespective of the grades, will seriously affect the financial condition of the II and III grade Municipalities?

Minister for Local Self Government (SHRI K. KOCHUKUTTAN):

(*a*) Yes.

(*b*) The report of Pay Commission does not apply to employment in Municipalities.

ആറ്റിങ്ങൽ ഡാക്ടറന്മാർ.

* 1024. [59] ശ്രീ. കെ. എം. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തെ ഗവണ്മെൻറ് ആശുപത്രികളിൽ എത്ര ആണ്ടറി ഡാക്ടറന്മാർ ജോലി ചെയ്തുവരുന്നുണ്ടു്;

(ബി) അവർക്ക് എന്തെങ്കിലും അലവൻസ് കൊടുക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത്?

LIBRARY ARCHIVES Kerala Legislative Assembly